# ഇൻകംടാക്സ് എംപ്ലോയീസ് ഫെഡറേഷൻ
## കേരളാ സർക്കിൾ

എറണാകുളം

15.10.2015

പ്രിയ സുഹൃത്തെ,

ആദായനികുതി വകുപ്പിലെ ITGOA യുടെയും ITEF ന്റെയും അംഗങ്ങൾ ഒത്തൊരുമയോടെ JCA യുടെ കുടക്കീഴിൽ ഒരു സുദീർഘ പ്രക്ഷോഭത്തിന്റെ പാതയിലാണല്ലോ? അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും ഒഴിവുകളിൽ സ്ഥിരനിയമനം നടത്തുന്നതിനും കരാർ ജോലികൾ അവസാനിപ്പിക്കുന്നതിനും ACIT ഉൾപ്പെടെ എല്ലാ തസ്തികകളിലേയ്ക്കും പ്രമോഷനുകൾ നടത്തുന്നതിനും ഗ്രൂപ്പ് B&C ജീവനക്കാരുടെ റിക്രൂട്ട്മെന്റ് റൂളുകൾ പ്രഖ്യാപിക്കുന്നതിനുമായ നടന്നുവരുന്ന പ്രക്ഷോഭം 09.09.2015-ലെ പ്രതിഷേധ സമ്മേളനങ്ങളോടെ ആരംഭിച്ച് പുതിയ നികുതിദായകരെ കണ്ടെത്തുന്നതു സംബന്ധിച്ച ജോലികൾ നിർത്തിവയ്ക്കലിലൂടെയും I&CI യിലെ CIB ഡാറ്റ അപ്‌ലോഡിങ്ങും പരിശോധനയും തീർപ്പുകൽപ്പിക്കലും നിർത്തിവയ്ക്കലിലും സ്ക്രൂട്ടിണിയുമായി ബന്ധപ്പെട്ട അയഥാർത്ഥ സമയപരിധികൾ അംഗീകരിക്കാതിരിക്കലിലൂടെയും വളർന്ന് 15.09.2015-ലെ പൂർണ്ണദിന ധർണ്ണയും തുടർന്ന് റിപ്പോർട്ടുകൾ നൽകാതിരിക്കലിലൂടെയും 01.10.2015 ലെ അർദ്ധദിന ഓഫീസ് ബഹിഷ്ക്കരണത്തിലൂടെയും കടന്ന് 08.10.2015-ലെ സമ്പൂർണ്ണസമരവും കഴിഞ്ഞ് കൂടുതൽ ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്നു.

ഇത്രയും ശക്തമായ പ്രക്ഷോഭപരിപാടികൾ മാധ്യമങ്ങളുടെയും കേന്ദ്രസർക്കാരിന്റെയും പൊതുജനങ്ങളുടെപോലും സവിശേഷശ്രദ്ധ ആകർഷിച്ചുകഴിഞ്ഞ സാഹചര്യത്തിലും ആവശ്യങ്ങളോട് നിഷേധാത്മക നിലപാടാണ് CBDT തുടർന്നുവരുന്നതെന്നത് ഖേദകരമാണ്. ഇതുവരെ നടന്ന സമരപരിപാടികളിലെ സമ്പൂർണ്ണ പങ്കാളിത്തത്തിന് നന്ദി അറിയിക്കുന്നതോടൊപ്പം 11.10.15 നു നടന്ന സെൻട്രൽ JCA യുടെ തീരുമാനപ്രകാരമുള്ള പ്രക്ഷോഭം ശക്തിപ്പെടുത്തലിനും ഓരോ അംഗത്തിന്റെയും സജീവ ഇടപെടൽ അഭ്യർത്ഥിക്കുന്നു.

പരാതികളിൽ തീർപ്പിച്ചും അല്ലാതെയുമുള്ള എല്ലാ റീഫണ്ടുകളും ഉടനടി കൊടുത്തുതീർത്ത് ബജറ്റ് കളക്ഷൻ ടാർഗറ്റ് നേടുന്നതിന് അനുകൂലമല്ലാത്ത സാഹചര്യം സൃഷ്ടിക്കേണ്ടതാണ്. റിപ്പോർട്ടുകൾ നൽകാതിരിക്കൽ മാത്രമല്ല അത് വാക്കാൽ അറിയിക്കുന്നതും ഒഴിവാക്കേണ്ടതുതന്നെയാണ്. ഇതിനുപുറമെ പ്രക്ഷോഭം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി JCA തയ്യാറാക്കിയ സമയബന്ധിതമായ പരിപാടികളും നാം ഏറ്റെടുത്ത് വിജയിപ്പിക്കേണ്ടതുണ്ട്.

**15.10.2015:** 1) സേർച്ച്, സർവ്വേ, Spot Inspection ഉൾപ്പെടെയുള്ള TDS സർവ്വേ, റിക്കവറി സർവ്വേ തുടങ്ങിയവ നിർത്തിവയ്ക്കലും പങ്കെടുക്കാതിരിക്കലും.

2) പൊതുജന ബോധവത്ക്കരണ പരിപാടികൾ നടത്തുകയോ, നടത്താൻ സഹായിക്കുകയോ, പങ്കെടുക്കയോ ചെയ്യാതിരിക്കൽ

3) പ്രോട്ടോക്കോൾ ഡ്യൂട്ടി ചെയ്യാതിരിക്കൽ

4) മേലുദ്യോസ്ഥരുടെ അവലോകനയോഗങ്ങളിൽ പങ്കെടുക്കാതിരിക്കൽ

5) വീഡിയോ കോൺഫറൻസുകളിൽ പങ്കെടുക്കുകയോ, സഹായിക്കുകയോ ചെയ്യാതിരിക്കൽ.

**28.10.2015:** ചെയർപേഴ്സന്റെ വസതിക്കുമുൻപിൽ പൂർണ്ണദിന ധർണ്ണ.

**01.1.2015:** 1) നികുതി കുടിശ്ശിക പിരിക്കുന്നത് നിർത്തിവയ്ക്കൽ

2) ഓഫീസുകളുടെ സുരക്ഷയും പരിപാലനവും ഒഴികെയുള്ള എല്ലാ കരാർ ജോലികളും അനുവദിക്കാതിരിക്കൽ.

CBDT നിഷേധാത്മക നില്പാട് തുടർന്നുവന്നാൽ പ്രക്ഷോഭം കൂടുതൽ ശക്തിപ്പെടുത്തുന്നതും JCA യുടെ പരിഗണനയിലുണ്ട്. ഇതിന്റെ ഭാഗമായി ഓഫീസ് ജോലികൾ ചട്ടപ്രകാരവും ഔദ്യോഗിക പ്രവൃത്തിസമയത്തും മാത്രമായി പരിമിതപ്പെടുത്തുമെന്നും ആയതുവഴിയുണ്ടാകുന്ന പ്രവർത്തികളുടെ കാലഹരണദോഷത്തിന് ജീവനക്കാർ ഉത്തരവാദികളായിരിക്കില്ലെന്നും CBDT യെ അറിയിച്ചിട്ടുണ്ട്. കൂടുതൽ ദിവസങ്ങൾ നീണ്ടുനിൽക്കുന്ന പൂർണ്ണദിന സമരവും JCA യുടെ പരിഗണനയിലുണ്ട്. ഇവയ്ക്കൊക്കെ നാം സജ്ജരാകേണ്ടിയിരിക്കുന്നു.

**ഇത്രയും കലുഷിതമായ അന്തരീക്ഷത്തിലാണ് ITEF കേരളാ സർക്കിളിന്റെ 11-ാം ദ്വൈവാർഷിക പ്രതിനിധി സമ്മേളനം 2015 നവംബർമാസം 18,19 തീയതികളിലായി കോട്ടയം KPS മേനോൻ ഹാളിൽവച്ച്** നടക്കുന്നതെന്നത് ഇതിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. നാം നേരിടുന്ന പ്രശ്നങ്ങളിൽ ഉചിതമായ തീരുമാനം എടുക്കേണ്ടതും ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും ഈ പ്രതിനിധി സമ്മേളനമാണെന്ന് മാത്രമല്ല, വരുന്ന രണ്ട് വർഷക്കാലയളിവിലേയ്ക്ക് നമ്മെ നയിക്കേണ്ടവരെ നിർണ്ണയിക്കപ്പെടേണ്ടതുമുണ്ട്. ഈ സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിലേക്കായി ഓരോ അംഗവും അവരുടെ ഗ്രേഡ്-പേ അനുസരിച്ച് താഴെപറയുന്നതിൽ കുറയാത്ത തുക സംഭാവന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

| ഗ്രേഡ് പേ | കുറഞ്ഞ സംഭാവന |
|---|---|
| 4600 | 300 |
| 4200 | 200 |
| 4200-നു താഴെ | 100 |

*അഭിവാദനങ്ങളോടെ,*

**എ.ജി. നാരായണൻ ഹരി**
ജനറൽ സെക്രട്ടറി

**ബാബു തോമസ്**
പ്രസിഡന്റ്